(സി) പത്താം പദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ ലക്ഷ്യമിട്ട പദ്ധതികളുടെ ഇപ്പോഴത്തെ ഘട്ടം വിശദമാക്കാമോ;

(ഡി) ഒൻപതാം പദ്ധതിക്കാലത്ത് പൂർത്തിയാക്കാൻ കഴിയാതെപോയ പദ്ധതികൾ ഏതൊക്കെയെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ട് ലഭ്യമാക്കൽ, ലാന്റ് അക്വിസിഷൻ ത്വരിതപ്പെടുത്തൽ, വനഭൂമി ലഭ്യമാക്കൽ എന്നിവയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാഞ്ഞിരപ്പുഴ, പഴശ്ശി, കല്ലട എന്നീ പദ്ധതികൾ പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ തയ്യാറായിട്ടുണ്ട്. കാരാപ്പുഴ പദ്ധതിയുടെ ഡാം പ്ളഗ് ചെയ്ത് ജലസംഭരണം തുടങ്ങി. ബാണാസുരസാഗർ പദ്ധതിയുടെ മെയിൻ കനാലിന്റെ പണി പൂർത്തിയായി. റഗുലേറ്റർ-കം-ബ്രിഡ്ജ് തൃത്താലയുടെ 91% പണികൾ പൂർത്തിയായിട്ടുണ്ട്. ഇടമലയാർ പദ്ധതിയുടെ മെയിൻ കനാൽ നിർമ്മാണം പുരോഗമിക്കുന്നു. മൂവാറ്റുപുഴ ജലസേചന പദ്ധതിയുടെ ഇടതുകര മെയിൻ കനാൽ പൂർണ്ണമായും പൂർത്തിയായി. മറ്റു പണികൾ പുരോഗമിക്കുന്നു.

(ഡി) ഒൻപതാം പദ്ധതിക്കാലത്ത് പദ്ധതികൾ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്നില്ല.

ജലസംഭരണികളിലെ മത്സ്യകൃഷി പദ്ധതികൾ

141 [2573] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, എ. സി. മൊയ്തീൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
,, പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിപുലമായ ജലകൃഷി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രഖ്യാപനത്തെ തുടർന്ന് ആവിഷ്ക്കരിക്കപ്പെട്ടതും നടപ്പിൽ വരുത്തിയിട്ടുള്ളതുമായ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(സി) മത്സ്യം, ചെമ്മീൻ, കൊഞ്ച്, ഞണ്ട്, കക്ക, ചിപ്പി മുതലായവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വല്ല പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നല്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരളത്തിലെ പ്രധാനപ്പെട്ട ഏതെല്ലാം ജല സംഭരണികളിലാണ് മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നടപ്പിലാക്കിവരുന്നു.

(ബി ആന്റ് സി) താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

1. ഒരു നെല്ലും ഒരു മീനും പദ്ധതി.
2. സുസ്ഥിര ചെമ്മീൻ കൃഷി വികസന പദ്ധതി.
3. കല്ലുമ്മേക്കായ കൃഷി.
4. ജലസംഭരണികളിലെ മത്സ്യംവളർത്തൽ.
5. ചെമ്മീൻ ഹാച്ചറി നിർമ്മാണം.
6. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുതുതായി നട്ടുപിടിപ്പിക്കുന്നതിനുമുള്ള പദ്ധതി.
7. മത്സ്യകർഷകർക്ക് ആവശ്യമായ പരിശീലനം, ബാങ്ക് വായ്പ, മത്സ്യ വിത്ത്, മറ്റ് ആനുകൂല്യങ്ങൾ എന്നിവ നൽകി ശുദ്ധജല മത്സ്യ കൃഷി വ്യാപിപ്പിക്കുന്നതിന് എഫ്.എഫ്.ഡി.എ. മുഖേന നടപ്പാക്കുന്ന പദ്ധതി.
8. ഓരുജല മത്സ്യ കർഷക വികസന ഏജൻസി മുഖേന നടപ്പാക്കുന്ന പദ്ധതികൾ:
9. ബോധവൽക്കരണ പരിപാടികൾ.
10. നിരോധിക്കപ്പെട്ടിട്ടുള്ള മത്സ്യബന്ധന രീതികൾ തടയുന്നതിന് നടപ്പാക്കുന്ന ഊർജിത പട്രോളിംഗ് സമ്പ്രദായം.
11. സാമൂഹിക മത്സ്യകൃഷി, സീറാഞ്ചിംഗ് തുടങ്ങിയ പദ്ധതികൾ.
12. സംയോജിത മത്സ്യ/ചെമ്മീൻ കൃഷി പദ്ധതി.
13. അനുയോജ്യമായ സ്ഥലങ്ങളിൽ ശുദ്ധജല മറൈൻ അക്വേറിയങ്ങളും ബോധവൽക്കരണ കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികൾ.

(ഡി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് എഫ്.എഫ്.ഡി.എ.-യുടെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സാമ്പത്തിക സഹായങ്ങളും സാങ്കേതിക സഹായങ്ങളും നല്കിവരുന്നു. കൂടാതെ കൂടുതൽ ജലസംഭരണികളിൽ മത്സ്യം വളർത്തൽ പദ്ധതി നടപ്പിലാക്കുമ്പോൾ പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മീൻ പിടിക്കുന്നതിനും വിപണനത്തിനും മുൻഗണന നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) താഴെ പറയുന്ന 10 ജല സംഭരണികളിലാണ് മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

1. മലമ്പുഴ
2. മംഗലം
3. മീൻകര
4. ചുള്ളിയാർ
5. പോത്തുണ്ടി
6. വാളയാർ
7. കാഞ്ഞിരംപുഴ
8. വാഴാനി
9. പീച്ചി
10. പെരുവണ്ണാമൂഴി

<u>തായ്‌ലന്റിൽ നിന്നുള്ള മത്സ്യം ഇറക്കുമതിക്ക് അനുമതി</u>

142 [2574] <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരുവ ഒഴിവാക്കി തായ്‌ലന്റിൽനിന്നുള്ള മത്സ്യം ഇറക്കുമതിക്ക് അനുമതി നല്കാനുള്ള ഇന്ത്യാ ഗവൺമെന്റ് നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ഗുണദോഷവശങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഈ ഉടമ്പടി പ്രകാരം ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര ടൺ വീതം മത്സ്യമാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര ടൺ വീതം മത്സ്യങ്ങൾ ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly